प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ജൂൺ 28, 2019

**ആർബിഐ, ന്യൂഡൽഹിയിൽ ഓംബുഡ്സ്മാന്റെ മൂന്നാമത്തെ ഓഫീസ് തുറന്നു**

2018 ഡിസംബർ 5-ലെ പണനയപ്രസ്താവനയിൽ പ്രഖ്യാപിച്ചിരുന്നതുപോലെ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർബിഐ) ഡിജിറ്റൽ ഇടപാടുകൾക്കുള്ള ഓംബുഡ്സ്മാൻ പദ്ധതി (OSDT) 2019 ജനുവരി 31-ന് ആരംഭിച്ചു.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, ബാങ്കിംഗ് ഓംബുഡ്സ്മാന്റെയും (BO), ഡിജിറ്റൽ ഇടപാടുകൾക്കുള്ള ഓംബുഡ്സ്മാന്റെയും (ODT) മൂന്നാമത്തെ ഓഫീസ്, (ന്യൂഡൽഹി-III) ന്യൂഡൽഹി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ സ്ഥാപിച്ചു. പ്രശ്നപരിഹാരങ്ങൾതേടി വളർന്നുവരുന്ന ആവശ്യങ്ങൾ നിർവഹിക്കാനാണ് ബാങ്കിംഗ് ഓംബുഡ്സ്മാന്റെയും, ഡിജിറ്റൽ ഇടപാടുകൾക്കുള്ള ഓംബുഡ്സ്മാന്റെയും ഈ ഓഫീസ് ആരംഭിച്ചത്. 2019 ജൂലൈ 1 മുതൽ ഈ ഓഫീസ് പ്രവർത്തനക്ഷമമാകുന്നതാണ്.

ന്യൂഡൽഹി I,II, III, BO, ODT ഓഫീസുകളുടെ മേഖലാടിസ്ഥാനത്തിലുള്ള അധികാരപരിധിയും, ഇ-മെയിൽ വിലാസവും താഴെക്കാണും വിധമായിരിക്കും.

| ക്രമ നം. | ബിഒ/ഒഡിറ്റി | അധികാരപരിധി മേഖലാടിസ്ഥാനത്തിൽ | **Email ID** |
|---|---|---|---|
| 1 | ന്യൂഡൽഹി-I | വടക്കു, വടക്കു പടിഞ്ഞാറ്, പടിഞ്ഞാറ്, തെക്കു-പടിഞ്ഞാറ്, ന്യൂഡൽഹി, ഡൽഹിയുടെ തെക്കൻ ജില്ലകൾ | bonewdelhi1@rbi.org.in (for BO) odtnewdelhi1@rbi.org.in (for ODT) |
| 2 | ന്യൂഡൽഹി-II | ഹര്യാന (പഞ്ചഗുള, യമുനാ നഗർ, അംബാല ജില്ലകൾ ഒഴികെ) ഉത്തർപ്രദേശിലെ ഗാസിയാബാദ്, ബുദ്ധനഗർ ജില്ലകൾ. | bonewdelhi2@rbi.org.in (for BO) odtnewdelhi2@rbi.org.in (for ODT) |
| 3 | ന്യൂഡൽഹി-III | വടക്ക്-കിഴക്ക്, സെൻട്രൽ, ഷാഹ്ദാര, ഡൽഹിയുടെ തെക്കു-കിഴക്കൻ ജില്ലകൾ. | bonewdelhi3@rbi.org.in (for BO) odtnewdelhi3@rbi.org.in (for ODT) |

2019 ഏപ്രിൽ 26-ലെ പ്രസ്സ് റിലീസിൽ പ്രഖ്യാപിച്ചിരുന്നതുപോലെ, ബാങ്കിംഗിതര ധനകാര്യ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ പദ്ധതിയുടെ മേഖലാടിസ്ഥാനത്തിലുള്ള അധികാര പരിധികൾ മാറ്റമില്ലാതെ തുടരും.

**യോഗേഷ് ദയാൽ**
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2018-2019/3085**